ശ്രീ. പി.കെ. വാസുദേവൻ നായർ: ഇതു വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നം എന്നുള്ള നിലയിൽ അവിടെനിന്നും അയക്കുന്ന മിക്കവാറും പദ്ധതികളെല്ലാം സംസ്ഥാന വിഷയങ്ങളിൽപ്പെടുന്ന പദ്ധതികളാണ്. അതുകൊണ്ട് ഇങ്ങനെയുള്ള പദ്ധതികൾ അവിടെ ഉണ്ടാക്കുന്നതിനു പകരം അതിനുള്ള പണം സംസ്ഥാനങ്ങൾക്ക് നേരിട്ടു നൽകിയാൽ മതി, സംസ്ഥാനങ്ങൾ പദ്ധതി ഉണ്ടാക്കുകയാണ് നല്ലതെന്നുള്ള അഭിപ്രായം നഷ്ണൽ ഡെവലപ്പ്മെൻറ് കൗൺസിലിൽ വന്നു, അതു പൂർണ്ണമായി അംഗീകരിക്കപ്പെട്ടില്ല. മുൻപു പറഞ്ഞതുപോലെ 6,000 കോടി രൂപ ആദ്യം നീക്കിവച്ചിരുന്നത് 3000 കോടി രൂപയാക്കി ഇപ്പോൾ കുറച്ചിട്ടുണ്ട്. 3000 കോടി രൂപ സംസ്ഥാനങ്ങൾക്ക് തരാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ജി.പി. മംഗലത്തു മാം: കേന്ദ്രഗവൺമെൻറ് സ്പോൺസർ ചെയ്യുന്നതോ കേന്ദ്രഗവൺമെൻറിന്റെ ഏജൻസി കിട്ടുന്നതോ ആയ ഏതെങ്കിലും പദ്ധതി ഇവിടെ നടപ്പാക്കാൻ സാധിക്കാതെ വരുന്നപക്ഷം ആ തുക സംസ്ഥാനഗവൺമെൻറിന് ഡൈവർട്ട് ചെയ്തു ചെലവാക്കാൻ എന്തെങ്കിലും പരിപാടികൾ നടത്തുന്നതിന് അധികാരമുണ്ടോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: ഇല്ല.

സർക്കാർ സർവ്വീസിൽ സ്ത്രീകൾക്കു തുല്യത നൽകാൻ നടപടി

* 825 [893] ശ്രീ. എ. പി. കുര്യൻ:

,, എം. കെ. കൃഷ്ണൻ:

,, റ്റി. കെ. രാമചന്ദ്രൻ:

,, കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ വനിതാ വാച്ച്മാൻമാരെ നിയമിക്കരുതെന്നും വിലക്കിക്കൊണ്ടുള്ള കേരള ലാസ്റ്റ് ഗ്രേഡ് സർവൻറ്സ് സ്പെഷ്യൽ റൂൾസിലെ നോട്ടിനെ സംബന്ധിച്ച് കേരള ഹൈക്കോടതി ഈയിടെ പുറപ്പെടുവിച്ച വിധിന്യായം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസക്തമായ വിധിന്യായം എന്താണെന്നു വ്യക്തമാക്കുമോ;

(സി) ഈ വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ സർവ്വീസിൽ സ്ത്രീകൾക്ക് തുല്യത നൽകാൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ): (എ) ഉണ്ട്.

(ബി) വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ചിട്ടില്ല.

(സി) വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ചതിനുശേഷം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.പി. കുര്യൻ: ഈ വിധിയുടെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്ത് പല ഡിപ്പാർട്ടുമെന്റുകളിലും ഉദാഹരണത്തിന് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിലെ എക്സാമിനേഷൻ വിംഗിൽ സ്ത്രീകളെ നിയമിക്കുകയില്ലെന്ന് വിദ്യാഭ്യാസമന്ത്രി ഈ സഭയിൽത്തന്നെ പ്രസ്താവനയുണ്ട്, അതൊക്കെ പിൻവലിച്ച് ഇത്തരം മേഖലകളിൽകൂടി സ്ത്രീകൾക്ക് തുല്യ പദവി നൽകാനുള്ള തീരുമാനം എത്രയും വേഗം കൈക്കൊള്ളുമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: പൊതുവേ ആ ആശയത്തോടും ആദർശത്തോടും ഗവൺമെന്റ് യോജിക്കുകയാണ്. അതേ സമയത്ത് സ്ത്രീകൾക്ക് ചെയ്യുന്നതിന് പ്രായോഗികമായി ബുദ്ധിമുട്ടുള്ള ചില ജോലികളെയാണ് 1972 മേയ് 15-ാം തീയതിയിലെ ഉത്തരവുമൂലം അവരെ വിലക്കിയത്. ഈ ഉത്തരവ് ഓരോ ഉദ്യോഗങ്ങളെ സംബന്ധിച്ചും ആലോചിച്ചു ഭേദഗതിചെയ്യാൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ.പി. കുര്യൻ: ഹൈക്കോടതിയുടെ വിധി എന്നാണ് പുറപ്പെടുവിച്ചത്, അതേ സംബന്ധിച്ച് എന്തു നടപടി ഇതിനകം സ്വീകരിച്ചു എന്നു പറയാമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: ഈ പ്രത്യേക വിധിന്യായത്തിന്റെ അടിസ്ഥാനത്തിലുള്ള നടപടികളൊന്നും സ്വീകരിച്ചു കഴിഞ്ഞിട്ടില്ല. കാരണം ഹൈക്കോടതിയിൽനിന്നും വിധിയുടെ പകർപ്പ് കിട്ടിക്കഴിഞ്ഞിട്ടില്ല. അതു കിട്ടിയാൽ ഉടൻതന്നെ വേണ്ട നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. എ.പി. കുര്യൻ: ഈ വിധി എന്നാണ് ഉണ്ടായത്?

ശ്രീ. പി.കെ. വാസുദേവൻ നായർ: 22.3.1979-ൽ.

ശ്രീ. എം.കെ. കൃഷ്ണൻ: സ്ത്രീകൾക്ക് ചില പ്രത്യേക തരത്തിലുള്ള ജോലി ചെയ്യാൻ പാടില്ലെന്നു ഗവൺമെന്റ് തീരുമാനിച്ചു. 1972-ലെ ആർഡറിൽ എന്തെല്ലാം ജോലികളാണ് ചെയ്യാൻ പാടില്ലെന്നു പറയുന്നത്?

ശ്രീ. പി.കെ. വാസുദേവൻ നായർ: 1972 മേയ് 15-ാം തീയതിയിലെ ആർഡറിൽ താഴെ പറയുന്ന ജോലികളാണ് പറയുന്നത്. പ്യൂൺ, വാച്ച്മാൻ, ഡഫേദാർ, ക്ലീനർ കം കണ്ടക്ടർ, ഗേറ്റു കീപ്പർ, മെസഞ്ചർ, ഖലാസി, മേസ്ത്രി, വില്ലേജുമാൻ, ചെയിൻമാൻ തുടങ്ങിയവയാണ്.

ശ്രീ. എം.കെ. കൃഷ്ണൻ: ഇതൊന്നും സ്ത്രീകൾക്ക് ചെയ്യാൻ കഴിയുകയില്ലെന്നതാണോ ഗവൺമെന്റിന്റെ അഭിപ്രായം? നമ്മുടെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി കരിങ്കല്ല് അടിച്ച് പൊട്ടിച്ച് ചുമക്കുന്ന ജോലികൾ ചെയ്യുന്ന സ്ത്രീകൾക്ക് ആവതല്ലാത്ത മറ്റൊരു ജോലിയും ഇല്ലെന്നാണ് വിധിന്യായത്തിൽ പറയുന്നത്. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിലെ എക്സാമിനേഷൻ വിംഗിൽ സ്ത്രീകളെ നിയമിക്കാൻ പാടില്ലെന്നാണോ ഗവൺമെന്റിന്റെ അഭിപ്രായം? അതുകൊണ്ട് ഈ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഈ ഉത്തരവ് ഭേദഗതിചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.കെ. വാസുദേവൻ നായർ: ഇതിൽ ഓരോ കാര്യങ്ങളെ സംബന്ധിച്ചും ഒരു പഠനശോധന ആരംഭിച്ചിട്ടുണ്ട്. ആർഡർ ഒട്ടാകെ ഒരുമിച്ച് ഭേദഗതി ചെയ്യുന്നതിനു ബുദ്ധിമുട്ടുള്ളതുകൊണ്ട് ഓരോന്നായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഒരു പ്രധാനപ്പെട്ട പ്രശ്നം, കല്ലുജോലി ചെയ്യുന്നതുപോലെയല്ല, ഇതിൽ ചില ജോലികൾ അസമയത്ത്, രാത്രികാലങ്ങളിൽ ചെയ്യേണ്ടിവരുന്നതാണ്. അല്ലാതെ കായികാദ്ധ്വാനത്തിന്റെ കൂടുതൽ അല്ല. പിന്നെ ചിലതിനു സൈക്കിളിംഗ് അറിഞ്ഞിരിക്കണം എന്നു നിർബന്ധമുണ്ട്. സ്ത്രീകൾ നമ്മുടെ നാട്ടിൽ സാധാരണ സൈക്കിളിൽ കേറാറില്ല. സൈക്കിളിൽ കയറുന്നവരും കണ്ടേക്കാം. ഈ അടിസ്ഥാനത്തിലാണ് ഓരോ കാര്യവും തീരുമാനിച്ചിട്ടുള്ളത്. നേരെമറിച്ച് സ്ത്രീകളുടെ പല സംഘടനകളും ഗവൺമെന്റിൽ നിവേദനം തന്നിട്ടുണ്ട്, ഇതൊന്നും അവർക്ക് തടസ്സമല്ലെന്ന്. ഞങ്ങൾക്കുകൂടി ഈ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നു അവർ റെപ്രസെന്റു ചെയ്തിട്ടുണ്ട്. അടുത്തദിവസം പ്യൂൺ ഉദ്യോഗത്തിൽ സ്ത്രീകളെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ടി.കെ. അബ്ദു: സൈക്കിൾ സവാരിയിൽ സ്ത്രീകൾക്കു വേണ്ടത്ര കഴിവില്ലെന്നു പറയുന്നത് ശരിയല്ല. ഇന്ന് നമ്മുടെ പൊതു നിരത്തുകളിൽ സ്ത്രീകൾ സൈക്കിളിൽ യാത്ര ചെയ്യുന്നതു കാണാറുണ്ട്. അതുകൊണ്ട് വാച്ച്മാൻ പണിപോലുള്ള പണികൾ അവർക്ക് വിദഗ്ദ്ധമായി ചെയ്യാൻ കഴിയുമെന്നുള്ളതുകൊണ്ട് ആ ജോലിയിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: അതിൽ ഓരോന്നിന്റേയും ഗുണദോഷങ്ങൾ നോക്കി ആ കാര്യം റവ്യൂ ചെയ്യാൻ ഒരു തീരുമാനം എടുക്കാം.

ശ്രീ. കെ. അനിരുദ്ധൻ: മുഖ്യമന്ത്രിതന്നെ പറഞ്ഞു സൈക്കിളിൽ കയറാൻ സ്ത്രീകളെ കിട്ടുകയില്ലെന്ന്. അതുകൊണ്ട് സ്ത്രീകളുടെ സംഘടനകളുമായി ആലോചിച്ച് ഏതെല്ലാം പണിക്ക് അവരെ കൊള്ളാമെന്നു നിശ്ചയിക്കുമോ? വനിതകളുടെ സംഘടന പ്രതിനിധികളെ വിളിച്ചുകൂട്ടി നേരത്തെ പറഞ്ഞ ലിസ്റ്റിൽ ഏതെല്ലാം പണിക്ക് അവർ കൊള്ളുമെന്നു ചർച്ച ചെയ്തു കഴിയുമെങ്കിൽ അവരെ ഇവക കാര്യങ്ങളിൽ നിയമിക്കുന്നതിന് ദയവുണ്ടാകുമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: ബഹുമാനപ്പെട്ട മെമ്പറുടേത് ചോദ്യമല്ല, സ്ത്രീകൾക്കുവേണ്ടിയുള്ള നിവേദനമാണ്.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: വാച്ച്മാൻ എന്നുവച്ചാൽ വാച്ച് ചെയ്യുക എന്നാണ് അർത്ഥം. നാരിമാർക്ക് നയനം സുസൂക്ഷ്മം എന്ന് കുമാരനാശാൻ പറഞ്ഞിട്ടുണ്ട്. പുരുഷൻമാർക്കു പറ്റിയ ജോലികൾ സ്ത്രീകൾക്കും ചെയ്യാൻ കഴിയുമെന്ന് ഹൈക്കോടതി വിധിയുണ്ട്. ആ ഹൈക്കോടതിവിധി ആദരിച്ചുകൊണ്ട് പ്യൂൺ ജോലിയിൽ മാത്രമല്ല വാച്ച്മാൻ ജോലിയിലും നിയമിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.കെ. വാസുദേവൻ നായർ: നാരിമാരുടെ നയനത്തെപ്പറ്റിയുള്ള അദ്ധ്യേഹത്തിന്റെ ആസ്വാദ്യതയിൽ [illegible] വരുത്തേണ്ടുന്നു. വാച്ച്മാൻ എന്നു പറഞ്ഞാൽ രാത്രിയും പകലും ചെയ്യേണ്ട ജോലിയാണ്. നയനം ഒരു പ്രശ്നമല്ല. രാത്രികാലങ്ങളിലൊക്കെ സ്ത്രീകൾ ഒറ്റയ്ക്ക് വാച്ച്മാനായിട്ടു നിൽക്കുന്നതിന്റെ പ്രശ്നം പരിഗണിച്ചാണ് ഇപ്പോൾ വയ്ക്കാത്തത്. അതിന്റെ ഗുണദോഷങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കാം.

ശ്രീ. എൻ.പി. മൊയ്തീൻ: ഏതെങ്കിലും വനിതകളെ ഇതിനു മുമ്പ് പരീക്ഷണാർത്ഥം വാച്ച്മാൻ ആയി നിശ്ചയിച്ചതുകൊണ്ട് വല്ല ബുദ്ധിമുട്ടുകളും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: എനിക്ക് അതിനെ സംബന്ധിച്ച് വിവരമൊന്നുമില്ല.

ശ്രീ. ടി.എം. ജേക്കബ്: നമ്മുടെ സംസ്ഥാനത്തെ പ്രധാനപ്പെട്ട ഒരു ഡിപ്പാർട്ട്മെന്റാണ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ. ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ഇന്നത്തെ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ വനിതാ കണ്ടക്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുന്നതിൽ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ വനിതാ കണ്ടക്ടർമാരെ വയ്ക്കാമെന്ന് നേരത്തെ തീരുമാനിച്ചിട്ടുള്ള കാര്യമാണ്. മറ്റുള്ള പ്രശ്നങ്ങളൊന്നുമില്ല.

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള: നമ്മുടെ സംസ്ഥാനം ഇൻഡ്യയിൽ ആദ്യമായി വനിതാ പോലീസിനെ എടുത്ത സംസ്ഥാനമാണ്. ഇവിടെ വനിതകളെ പ്യൂണായി നിയമിക്കാനും തീരുമാനിച്ചിട്ടുണ്ട്. നേരത്തെതന്നെ ഇതൊരു നയമായി അംഗീകരിച്ചിട്ടുണ്ട്. ആ നിലയിൽ അവർ തയ്യാറായി വരുന്നതു പരിഗണിച്ച് ട്രാൻസ്പോർട്ട് കണ്ടക്ടേഴ്സായിട്ട്, പ്രത്യേകിച്ച് വനിതകൾക്കു മാത്രമുള്ള സർവ്വീസുകളിലെങ്കിലും വനിതാ കണ്ടക്ടേഴ്സിനേയും, അവർ തയ്യാറായി വരുന്ന മറ്റു ജോലികൾക്കും നിയമിക്കാൻവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: ഞാൻ നേരത്തെ മറുപടി പറഞ്ഞു. ഏതു ജോലിക്കും തയ്യാറാണെന്ന് അവർ സ്വയം അവകാശപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങൾ ഗവൺമെന്റിനു നൽകിയിട്ടുണ്ട്. അതു ഞങ്ങൾ പരിഗണിച്ചുകൊണ്ട് ഇപ്പോൾ നടപ്പു ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി.പി. ഗോവിന്ദൻ നമ്പ്യാർ: രണ്ടാം ലോകമഹായുദ്ധകാലത്ത് വിമൻസ് ആക്സിലറി ഫോഴ്സ് എന്നൊരുപട്ടാളം രൂപീകരിച്ചതുപോലെ നമ്മുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വിമൻസ് ആക്സിലറി പോലീസ് എന്ന പേരിൽ ഒരു പോലീസ് സംഘടന രൂപീകരിക്കാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.കെ. വാസുദേവൻ നായർ: അത്രവളരെ പോലീസിനെ ആവശ്യമുണ്ടെങ്കിലല്ലാതെ വനിതാ പോലീസ് സേന രൂപീകരിക്കാൻ പറ്റുകയില്ല.

ശ്രീ. ഇ.പി. ഗോപാലൻ: കുറേക്കാലം സ്ത്രീകൾക്ക് ജോലി നിഷേധിച്ചിട്ടുള്ള ഒരു സാഹചര്യത്തിൽ അത് നികത്തുന്നതിനുവേണ്ടി ഒരു നിശ്ചിതകാലംവരെ ഉദ്യോഗങ്ങളിൽ സ്ത്രീകളെ മാത്രമേ നിയമിക്കുകയുള്ളു എന്നു നിശ്ചയിക്കുമോ; ഒരു തെറ്റു ചെയ്താൽ അതിനൊരു പരിഹാരം വേണമല്ലോ.

(ഉത്തരം പറഞ്ഞില്ല)

ശ്രീ. സേവ്യർ അറയ്ക്കൽ: കഴിഞ്ഞകൊല്ലം വനിതാ വർഷമായിരുന്നു. ഇക്കൊല്ലം സ്ത്രീകളെ കൂടുതൽ ജോലിയിൽ എടുക്കണമെന്ന് ഗവൺമെൻറ് തീരുമാനിച്ചു എന്നു പറഞ്ഞു. അതിനെതിരായിട്ട് ഭർത്താക്കൻമാർ വല്ല നിവേദനവും തന്നാൽ സ്വീകരിക്കുമോ?

(ഉത്തരം പറഞ്ഞില്ല)

ശ്രീ. എം.പി. രാഘവൻ: സ്ത്രീകളെ അടിമകളായി വച്ചുകൊണ്ടിരുന്ന പുരുഷമേധാവിത്വത്തിൻെറ, ഫ്യൂഡലിസ്റ്റു മേധാവിത്വത്തിൻെറ സന്തതിപരമ്പരകളുടെ ആശയ മേധാവിത്വം ഉൾക്കൊള്ളുന്ന ഇന്നയിന്ന ജോലികൾ ചെയ്യാൻ പാടില്ലെന്ന ഈ ഉത്തരവ് പിൻവലിക്കാൻ പുരോഗമനത്തിൻെറയും ജനാധിപത്യത്തിൻെറയും പേരിൽ സംസാരിക്കുന്നവർ തയ്യാറാകുമോ? ഏതു ജോലി ചെയ്യാൻ തയ്യാറായി വന്നാലും അതിനുള്ള അർഹത, തുല്യത ഭരണഘടനയിലുണ്ട്. അതിനെ ലംഘിക്കുന്ന ഈ ഉത്തരവ് പിൻവലിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: പ്രായോഗികമായ ചില അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ആ കാലത്തു തോന്നിയ പ്രായോഗിക മായ ബുദ്ധിമുട്ടുകൾ വച്ചുണ്ടാക്കിയ നിയമമാണ്. എന്നുവരികിലും കാലം കഴിഞ്ഞപ്പോൾ സ്ത്രീകൾതന്നെ ഈ ജോലികൾ ചെയ്യാൻ തങ്ങൾക്കു കഴിയുമെന്ന് അവകാശപ്പെടുന്നു. അതുകൊണ്ട് ഗവൺമെൻറ് ഇത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി.ആർ. ഫ്രാൻസിസ്: നമ്മുടെ സംസ്ഥാനംപോലുള്ള സംസ്ഥാനങ്ങളിൽ സ്ത്രീകളെ ജോലികൾ ഏൽപ്പിച്ചാൽ കൃത്യമായി നിർവ്വഹിക്കുന്നുണ്ടെന്നുള്ളതിനു തെളിവുകളുണ്ട്. നമ്മുടെ സംസ്ഥാനത്തുതന്നെ വനിതാ ചീഫ് ഇഞ്ചിനീയറുണ്ട്, അതുപോലെതന്നെ അന്നാചാണ്ടി ജഡ്ജിയായിരിക്കുന്നുണ്ട്. അതുകൊണ്ട് ഈ സംസ്ഥാനത്ത് സ്ത്രീകൾക്ക് ജോലിക്ക് മുൻഗണന നൽകാൻ ദയവുണ്ടാകുമോ?

(ഉത്തരമില്ല.)

ശ്രീ. കെ. രാഘവൻ മാസ്റ്റർ: ജി.ആർ.ബി.ടി. ഹോസ്റ്റലുകളിൽ താമസിക്കാൻ വരുന്ന വിദ്യാർത്ഥികൾ അഞ്ചു വയസ്സുമാത്രം പ്രായമുള്ള ഗിരിജനവിദ്യാർത്ഥികളാണ്. അവരെ സംബന്ധിച്ചിടത്തോളം മാതാവിൻെറ ലാളനയും വാൽസല്യവും ലഭിക്കേണ്ടതുണ്ട്. അതുകൊണ്ട് ഇത്തരം ഹോസ്റ്റലുകളിൽ പുരുഷ സർവ്വൻറ്സിനെ നിയമിക്കുന്നതിനുപകരം സ്ത്രീകളായ സർവ്വൻറ്സിനെ നിയമിക്കാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വാസുദേവൻ നായർ: ആ കാര്യം പരിഗണിക്കാവുന്നതാണ്.

ശ്രീ. സി.എ. കുര്യൻ: പുരുഷന്മാർ ചെയ്യുന്ന എല്ലാ ജോലികളും സ്ത്രീകൾക്കു ചെയ്യാൻ കഴിയുകയില്ല എന്നുള്ളതു ശരിയാണ്. എന്നാൽ സ്ത്രീകൾക്ക് ഏതെല്ലാം ജോലികൾ ചെയ്യാൻ കഴിയുമെന്നുള്ളത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മഹിളാ സംഘടനകളുടെ പ്രതിനിധികളുമായി ചർച്ചചെയ്തു തീരുമാനിക്കാൻ തയ്യാറാകുമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: അവരുമായി ഇതിനുമുമ്പു തന്നെ പല സന്ദർഭങ്ങളിലും പല ചർച്ചകളും നടത്തിയിട്ടുണ്ട്. ഇക്കാര്യങ്ങളെക്കുറിച്ച് ഗവൺമെൻറ് ആലോചിക്കുമ്പോൾ വീണ്ടും അവരുമായി ചർച്ച ചെയ്യാം.

പാസ്പോർട്ട് അപേക്ഷകൾ സർട്ടിഫൈ ചെയ്യുന്നതിനുള്ള പുതിയ നടപടിക്രമം

* 826 [894] ശ്രീ. ജി.പി. മംഗലത്തുമാം:

,, കെ.എസ്. നാരായണൻ നമ്പൂതിരി:

,, പി.ജെ. തോമസ്:

,, ഇ. നാരായണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാസ്പോർട്ട് അപേക്ഷകൾ സർട്ടിഫൈചെയ്യുന്നതിന് പുതിയ നടപടിക്രമം നിലവിൽവന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എങ്ങനെയെന്നു വിശദമാക്കാമോ;

(സി) ഇപ്പോഴത്തെ നിയമം അനുസരിച്ച് ആർക്കെല്ലാം ഇതിനധികാരമുണ്ട്;

(ഡി) മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക് പാസ്പോർട്ട് അപേക്ഷ സർട്ടിഫൈ ചെയ്യാൻ അധികാരമുണ്ടോ;

(ഇ) മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ആർക്കെങ്കിലും പാസ്പോർട്ടപേക്ഷ സർട്ടിഫൈ ചെയ്തു കൊടുത്തിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ):

(എ, ബി, സി) ഉണ്ട്. 4.12.78 ൽ ഇൻഡ്യാ ഗവൺമെൻറിൻെറ വിദേശമന്ത്രി കാര്യാലയം പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപന പ്രകാരം എം.പി.മാർ, എം.എൽ.എ. മാർ, നിയമസഭാ കൗൺസിൽ അംഗങ്ങൾ ഡെൽഹിയിലെ മെത്രാപൊലീറ്റൻ അംഗങ്ങൾ, ഡെപ്യൂട്ടി സെക്രട്ടറിമാരിൽ കുറയാത്ത ഗവൺമെൻറ് ആഫീസർമാർ, ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റുമാർ എന്നിവർക്ക് പാസ്പോർട്ട് അപേക്ഷ സർട്ടിഫൈ ചെയ്യാൻ അധികാരമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly